**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1423

06.03.2020 ൽ മറുപടിക്ക്.

## റിലേഷൻഷിപ്പ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീയുടെ പ്രത്യേക അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി റിലേഷൻഷിപ്പ് കേരള എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ് ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് റിലേഷൻഷിപ്പ് കേരള പദ്ധതിയ്ക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെയും വയോജനങ്ങളുടെയും ട്രാൻസ്ജൻഡേഴ്സിന്റെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 3352 അയൽക്കൂട്ടങ്ങളും (32,860 അംഗങ്ങൾ), 48 ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങളും (556 അംഗങ്ങൾ), 23,858 വയോജന അയൽക്കൂട്ടങ്ങളും (2,83,615 അംഗങ്ങൾ) രൂപീകരിച്ച പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിക്കുന്നതിനായി കുടുംബശ്രീ സ്കൂൾ എന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടി നടത്തുന്നുണ്ടോ; വിശദമാക്കുമോ; | (സി) | കുടുംബശ്രീയുടെ ചരിത്രത്തിൽ ആദ്യമായി 2,77,175 അയൽക്കൂട്ടങ്ങളിലെയും 4,306,976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് "കുടുംബശ്രീ സ്കൂൾ" എന്ന പേരിൽ അനൗപചാരിക വിദ്യാഭ്യാസ പരിപാടി രണ്ടു ഘട്ടങ്ങളിലായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി. ഒന്നും രണ്ടും ഘട്ടങ്ങളിലായി നടന്ന അയൽക്കൂട്ട യോഗങ്ങളിൽ 2 മണിക്കൂർ വീതമുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് 6 ആഴ്ചകൊണ്ട് 6 വിഷയങ്ങളിൽ പരിശീലനം പൂർത്തീകരിച്ചു. കുടുംബശ്രീ ഒന്നാം ഘട്ടത്തിൽ, കുടുംബശ്രീ സംഘടന, കുടുംബശ്രീ പദ്ധതികൾ, സ്ത്രീ ശാക്തീകരണവും തുല്യനീതിയും, ആരോഗ്യം-ശുചിത്വം, ലഹരിവിമുക്ത പ്രചരണം- കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, അഴിമതി മുക്ത സമൂഹം- കുടുംബശ്രീ കർത്തവ്യങ്ങൾ എന്നീ പാഠഭാഗങ്ങൾ |

ഉണ്ടായിരുന്നു. രണ്ടാം ഘട്ടത്തിൽ കുടുംബശ്രീ അയൽക്കൂട്ടം, കുടുംബശ്രീ പദ്ധതികൾ, കണക്കെഴുത്ത് അയൽക്കൂട്ടത്തിൽ, ധനമാനേജ്മെന്റ് കുടുംബത്തിലും അയൽക്കൂട്ടത്തിലും, ഉപജീവന വികസനം സൂക്ഷ്മ സംരംഭങ്ങളിലൂടെ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ എന്നീ പാഠഭാഗങ്ങൾ ഉണ്ടായിരുന്നു.

| | |
|---|---|
| (ഡി) അർഹരായ മുഴുവൻ ആളുകളെയും അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) അർഹരായ മുഴുവൻ ആളുകളെയും അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും, അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ദിശ 2017 അയൽക്കൂട്ട നവീകരണവും സ്വയംവിലയിരുത്തലും:**

അയൽക്കൂട്ടങ്ങളെ സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി "ദിശ 2017" എന്ന വിപുലമായ ക്യാമ്പെയിൻ കുടുംബശ്രീ സംഘടിപ്പിച്ചു. 2017 ജനുവരി 28-ന് കേരളത്തിലെ 2,51,848 അയൽക്കൂട്ടങ്ങൾ ഏകദിന സ്വയം നവീകരണത്തിന്റെയും സ്വയം വിലയിരുത്തലിന്റെയും ഭാഗമായി. ക്യാമ്പെയിന്റെ ഭാഗമായി 9,068 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

**പൊതു അയൽക്കൂട്ടങ്ങളുടെ വ്യാപനം**

ഈ സർക്കാരിന്റെ കാലയളവിൽ 41,962 അയൽക്കൂട്ടങ്ങൾ സംസ്ഥാനത്ത് പുതുതായി രൂപീകരിക്കപ്പെട്ടു. ഇതിലൂടെ 4,83,568 കുടുംബങ്ങൾ കുടുംബശ്രീയിൽ അയൽക്കൂട്ടങ്ങളിലേക്ക് കടന്നുവന്നു. നിലവിൽ ആകെ 2,99,297 അയൽക്കൂട്ടങ്ങളിലായി 44,91,834 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്.

**റിലേഷൻഷിപ്പ് കേരള - കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം:**

പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ് ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് റിലേഷൻഷിപ്പ് കേരള പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചു. പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 3352 അയൽക്കൂട്ടങ്ങളും (32,860 അംഗങ്ങൾ), 48 ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങളും (556 അംഗങ്ങൾ), 23,858 വയോജന അയൽക്കൂട്ടങ്ങളും (2,83,615 അംഗങ്ങൾ) രൂപീകരിച്ചു പ്രവർത്തിക്കുന്നു.

**കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള "ഇയർ ഓഫ് എൻ.എച്ച്.ജി" ക്യാമ്പെയിൻ:**

നാളിതുവരെ 17,228 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 2.42 ലക്ഷം അംഗങ്ങളെ പ്രസ്തുത അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുകയും ചെയ്തു. പ്രവർത്തന രഹിതമായിരുന്ന 3,124 അയൽക്കൂട്ടങ്ങളെ പ്രവർത്തനസജ്ജമാക്കി. ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിന്റെ ഭാഗമായി പകർച്ച വ്യാധി പ്രതിരോധ ക്യാമ്പയിൻ "ആരോഗ്യ ജാഗ്രത" എല്ലാ സി.ഡി.എസ്സുകളിലും സംഘടിപ്പിച്ചു.

സെക്ഷൻ ഓഫീസർ